II ഇ.ബി. XIII- കേരള നിയമസഭ/VIII-8

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ഏപ്രിൽ 01, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

26 (*211) തോട്ടം മേഖലയിൽ മിനിമം വേതനം

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, തോട്ടം മേഖലയിൽ മിനിമം വേജസ് ആക്ട് ബാധകമാണെന്നും 22–05–2012–ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി മീറ്റിംഗിൽ വേതനം പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാൻ തുടർ നടപടി സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. പ്ലാന്റേഷൻ ലേബർ ആക്ടിലെ പോരായ്മകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റബ്ബർ, ഏലം, തേയില മേഖലകളിൽ തൊഴിലാളികളുടെ കൂലി യഥാക്രമം 265–ഉം 215–ഉം 185–ഉം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘകാല എഗ്രിമെന്റ് നിലനിൽക്കുന്ന പ്ലാന്റേഷൻ മേഖലയിൽ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സമന്വയത്തിലെത്തിയതിനുശേഷമാണ് കൂലി

നിശ്ചയിച്ചത്. അസംഘടിത മേഖലയിലെ തൊഴിലാളികളുമായി താരതമ്യം ചെയ്യുമ്പോൾ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് കിട്ടുന്ന കൂലി അപര്യാപ്തമാണ്. പ്ലാന്റേഷൻ മേഖലയിലെ മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അവരുടെ ചികിത്സയുടെ ഭാഗമായി സ്കാനിംഗ് അടക്കമുള്ളവയ്ക്ക് ലേബർ ഡിപ്പാർട്ടുമെന്റ് ക്ലെയിം അനുവദിക്കുന്നതോടൊപ്പം അവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കുവേണ്ടി ഒരു പുതിയ ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന പല തോട്ടങ്ങളും തുറക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും എസ്റ്റേറ്റിൽ നിയമനിഷേധമുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഒരു റിവൈവൽ പാക്കേജ് കൊണ്ടുവരണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27(*212) <u>അതീവ ചൂഷിത ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, കാസർഗോഡ് ജില്ലകളിലെ 603 ഊരുകളിലായി 6592 ദുർബല ഗോത്ര വർഗ്ഗവിഭാഗ കുടുംബങ്ങളുണ്ടെന്നും അവരുടെ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക അവാർഡ് മുഖേന അനുവദിച്ച 148 കോടി രൂപ 2011-2015 വരെയുള്ള നാലുവർഷം കൊണ്ട് വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി

പ്രതിവർഷം 37 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2011–12–ൽ 1,77,45,000/– രൂപയും 2012–13–ൽ 36,93,03,977/– രൂപയും ചെലവഴിക്കുകയുണ്ടായി. വരും വർഷങ്ങളിൽ അവശേഷിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിക്കും. ഭവന നിർമ്മാണം, ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ, വൈദ്യുതീകരണം, വനസംരക്ഷണ ത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും, കുടിവെള്ള പദ്ധ തികൾ, റോഡ്, മെഡിക്കൽ യൂണിറ്റ്, കടാശ്വാസ ഫണ്ട്, പെരിപ്പറ്റിക് സെന്റ റുകൾ, സ്പെഷ്യൽ അംഗൻവാടികൾ, പി.റ്റി.ജി. ഹെൽത്ത് പ്രമോട്ടർമാരുടെ ഓണറേറിയം, ഡ്രഗ് കിറ്റ്, ഹെൽത്ത് ക്യാമ്പ്, ഫുഡ് സപ്പോർട്ട് പ്രോഗ്രാം, കടാശ്വാസ പരിപാടികൾ, പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് തുട ങ്ങിയവ നടപ്പാക്കാനാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിന്റെ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ, കാസർഗോഡ്, നിലമ്പൂർ, പാലക്കാട് എന്നീ സെക്ടറുകളിലായി 6 സെക്ടറൽ ഓഫീസർമാരെയും പ്രതിമാസം 4,000/– രൂപ ഓണറേറിയം വ്യവസ്ഥയിൽ 176 ഹെൽത്ത് പ്രമോട്ടർമാരെയും നിയമിച്ചിട്ടുണ്ട്. 583 സങ്കേതങ്ങളിലായി 283 ഊരുകൂട്ടങ്ങൾ രൂപീകരിക്കുകയും ഭവനരഹിതരായ 2002 പേർക്ക് വീടുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിന് ധന സഹായം ലഭിക്കാൻ അർഹരായിട്ടുള്ള 1591 പേരുടെ വീടുകളുടെ റിപ്പയറിംഗ് ജോലികൾ കോൺട്രാക്ട് വ്യവസ്ഥയിൽ 6 അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ച് നടപ്പിലാക്കുന്നതാണ്. ആരോഗ്യ സംരക്ഷണ പരിപാടികളുടെ

ഭാഗമായി 4 മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കുകയും മാരകമായ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡ് പണിക്കുവേണ്ടിയുള്ള സർവ്വേ പൂർത്തീകരിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യുച്ഛക്തി, കുടിവെള്ളം, മണ്ണ് സംരക്ഷണം, അംഗനവാടി, സാംസ്കാരിക നിലയം, ചുറ്റുമതിൽ, സംരക്ഷണഭിത്തി എന്നീ പദ്ധതികൾ ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, സോയിൽ കൺസർവേഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവ മുഖാന്തിരം നടപ്പിൽ വരുത്തുന്നതിന് 34.52 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമിയില്ലാത്ത 986 കുടുംബങ്ങൾക്ക് കുറഞ്ഞത് 25 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനായി ഒരു കുടുംബത്തിന് 10 ലക്ഷം രൂപ വരെ ധനസഹായമായി നൽകുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിക്കുകയും ആയതിന്റെ ഗൈഡ്‌ലൈൻ തയ്യാറാക്കിവരികയുമാണ്. വനപ്രദേശങ്ങളിൽ താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ. ചെയർമാനും ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ മെമ്പർമാരുമായുള്ള ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ആദിവാസി കോളനികളിലെ അനധികൃത മദ്യവിൽപ്പന തടയുന്നതിനായി എക്സൈസ്-വനം-പോലീസ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കുന്നതാണെന്നും പത്തനാപുരം താലൂക്കിലെ കുരിയോട്ടുമലയിൽ 114 ആദിവാസി

കുടുംബങ്ങൾക്കായി ഒരു മോഡൽ കോളനി സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

28 (*213) ആരോഗ്യ സർവ്വകലാശാല

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ആരോഗ്യ വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി അക്കാഡമിക് നിലവാരം ഉയർത്തുന്നതിനും ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ നൽകുന്ന തിനും ലക്ഷ്യമിട്ടുകൊണ്ടാണ് 'കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തി രുന്ന സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആധുനിക വൈദ്യ ശാസ്ത്രം, ദന്തൽ, ആയുർവേദം, ഹോമിയോ, സിദ്ധ, നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ തുടങ്ങിയവയിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന 239 സ്ഥാപനങ്ങൾ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. 2010-11 മുതൽ പ്രവേശനം നേടിയവരുടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള അക്കാഡമിക് കാര്യങ്ങൾ പ്രസ്തുത സർവ്വകലാശാലയാണ് കൈകാര്യം ചെയ്യുന്നത്. 8 ഫാക്കൽറ്റികളിലായി ഏകദേശം 48,000-ത്തോളം വിദ്യാർത്ഥികൾ സർവ്വകലാശാലയ്ക്ക് കീഴിൽ പഠനം നടത്തി വരുന്നു. മെഡി ക്കൽ അനുബന്ധ കോഴ്സുകളെല്ലാം ഇതിന് കീഴിൽ കൊണ്ടുവന്നതിനാൽ എല്ലാ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ നൽകാൻ സാധിച്ചിട്ടുണ്ട്.

ആരോഗ്യ സർവ്വകലാശാലയ്ക്കു കീഴിലുള്ള മുഴുവൻ കോളേജുകളിലും നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും ന്യൂനതകൾ പരിഹരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് കോളേജ് അധികൃതരുമായി ചർച്ച ചെയ്ത് പദ്ധതികൾ രൂപീകരിക്കുകയും വിദ്യാഭ്യാസ രംഗത്തെ പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിലടക്കം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലന പദ്ധതികളും ശിൽപ്പശാലകളും സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ബാർ കോഡ് ചെയ്യപ്പെട്ട ഉത്തരക്കടലാസുകൾ, ചോദ്യ പേപ്പറുകൾ, ഓൺലൈൻ ട്രാൻസ്മിഷൻ എന്നിവ ഉൾപ്പെടെ പരീക്ഷാ സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഗവേഷണ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ഇതിൽ തൽപ്പരരായ അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് 12 റിസർച്ച് മെത്തഡോളജി പരിശീലന പദ്ധതികൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവേഷണ പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിന് വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് ഐ.സി.എം.ആർ-മായി  സഹകരിച്ചും ഗവേഷണങ്ങളിലെ രചനാരീതികളെ ആസ്പദമാക്കി ബ്രിട്ടീഷ് മെഡിക്കൽ ജേർണലുമായി സഹകരിച്ചും ശിൽപശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. വൈദ്യശാസ്ത്ര നിയമ മേഖലയിൽ ആഴമേറിയ പഠനങ്ങൾക്കായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസുമായും കിലയുമായും ധാരണാ പത്രം

ഒപ്പുവച്ചിട്ടുണ്ട്. ഭാരതത്തിന്റെ തനതു ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദം, സിദ്ധ, യുനാനി മേഖലകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥി കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം സർവ്വകലാ ശാലയുടെ കീഴിൽ നിലവിലുള്ള അലോപ്പതി വിഭാഗത്തിനുപുറമേ ഹോമി യോപ്പതി, ആയുർവേദ വിഭാഗങ്ങൾ കൂടി ആരംഭിക്കുവാൻ നടപടി സ്വീകരി ച്ചിട്ടുമുണ്ട്. ജീവിതശൈലീജന്യ രോഗങ്ങളെക്കുറിച്ച് ഗവേഷണം നടത്തു ന്നതിനും ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിനുള്ള പ്രോജക്ടുകൾ ആരം ഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഡയബറ്റിക് സ്ക്രീനിംഗ് നടത്തി പ്രീ–ഡയ ബറ്റിക്കാണെന്ന് കണ്ടെത്തുന്നവരെ ആയുർവേദ മരുന്നുകൾ ഉപയോഗിച്ച് ചികിത്സിക്കാനുള്ള റിസർച്ച് പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മോഡേൺ മെഡിസിൻ, പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങൾ എന്നിവ സമന്വ യിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കു ന്നതാണ്. പുതുതായി 5 മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനി ച്ചിട്ടുണ്ടെന്നും ആയുർവേദ ഹോസ്പിറ്റലുകളുമായി ചേർന്ന് ആയുഷ് കേന്ദ്ര ങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും നെയ്യാറ്റിൻകരയിൽ അതിന്റെ പ്രവർത്തനത്തിന് ഈ മാസം തന്നെ തുടക്കം കുറിക്കുമെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

<u>അടിയന്തര ചോദ്യം</u>

1(1) <u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ പിഴവുകൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്/പി.എസ്.സി./ലോക്കൽ ഫണ്ട് ഓഡിറ്റ് തുടങ്ങിയ

വകുപ്പുകളിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് നിയമാനുസൃതമായ അവസരം എല്ലാ ഉദ്യോഗാർത്ഥികൾക്കും നൽകുന്നതാണെന്നും അക്കാര്യങ്ങൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും വിശദീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സർട്ടിഫിക്കറ്റ് പരിശോധന 2013 മാർച്ച് 23, 25, 26 എന്നീ തീയതികളിൽ നടത്തുവാനാണ് കമ്മീഷൻ തീരുമാനിച്ചിരുന്നതെങ്കിലും പ്രസ്തുത ദിവസങ്ങളിൽ പ്രമാണ പരിശോധനയ്ക്കായി ഹാജരാകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്കും ഏതെങ്കിലും പ്രമാണങ്ങൾ ഹാജരാക്കാൻ സമയം ആവശ്യപ്പെട്ടവർക്കും ആയതിന് ഏപ്രിൽ 2–ാം തീയതി വരെ സമയം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനതല തെരഞ്ഞെടുപ്പുകളുടെ പ്രമാണപരിശോധനയും അനന്തരനടപടികളും നിലവിലുള്ള ചട്ടപ്രകാരം കേന്ദ്ര ഓഫീസിൽ വച്ചാണ് പൂർത്തീകരിക്കേണ്ടതെങ്കിലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ യാത്ര ചെയ്യുവാൻ അസൗകര്യമുള്ള രണ്ടു പേരുടെ സർട്ടിഫിക്കറ്റുകൾ പാലക്കാടും ആലപ്പുഴയും പി.എസ്.സി. ഉദ്യോഗസ്ഥർ നേരിട്ടുചെന്ന് പരിശോധന നടത്തുകയുണ്ടായി. ഈ തസ്തികയുടെ ഒ.എം.ആർ. പരീക്ഷയിൽ പങ്കെടുത്ത രണ്ടേമുക്കാൽ ലക്ഷത്തിൽപ്പരം ഉദ്യോഗാർത്ഥികളിൽ 1140 പേരുടെ ഉത്തരക്കടലാസ് പി.എസ്.സി.–യുടെ എംബ്ലം, ബാർകോഡ് എന്നിവ ഹാൾ ടിക്കറ്റിലില്ല എന്ന കാരണത്താൽ അസാധുവാക്കിയിട്ടുണ്ട്. പി.എസ്.സി.–യുടെ എംബ്ലവും ബാർകോഡും കൃത്യമായും വ്യക്തമായും പതിഞ്ഞിരിക്കണമെന്ന നിബന്ധന പരീക്ഷാ നടത്തിപ്പിന്റെ കൃത്യതയ്ക്കും സൂക്ഷ്മതയ്ക്കും അനിവാര്യമായതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കാൻ സാധ്യമല്ലെന്ന് ഓരോ ഉദ്യോഗാർത്ഥിയെയും അഡ്മിഷൻ ടിക്കറ്റിലൂടെ

വ്യക്തമായി അറിയിച്ചിട്ടുണ്ട്. ഉത്തര സൂചികകളുടെ കാര്യത്തിൽ കമ്മീഷന്റെ ചട്ടങ്ങൾ അനുസരിച്ച് വിദഗ്ദ്ധസമിതി പരിശോധിച്ചു നൽകുന്ന നിർദ്ദേശം സ്വീകരിക്കുകയാണ് പതിവെങ്കിലും ശരിയുത്തരം തയ്യാറാക്കിയതിൽ ചില പിഴവുകൾ കണ്ടെത്തിയതിനാൽ ഒരു പുതിയ സമീപനം സ്വീകരിക്കണമെന്നും ഉദ്യോഗാർത്ഥികളെ പരീക്ഷിക്കുന്നവരെ ബാർ ചെയ്യണമെന്നും പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 214 മുതൽ 240 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2288 മുതൽ 2614 വരെയുള്ള ചോദ്യങ്ങളിൽ 40 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)